"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലുവ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് 36(8), 38 എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

G.O.(Ms)No.16/2022/LSGD തീയതി,തിരുവനന്തപുരം, 02-02-2022

പരാമർശം:-

1. 05/11/2016 ലെ സ.ഉ.(കൈ) നം.158/2016/തസ്വഭവ.
2. ആലുവ നഗരസഭ കൗൺസിലിന്റെ 10/09/2021 ലെ 28-ാം നമ്പർ കൗൺസിൽ തീരുമാനം.
3. ആലുവ നഗരസഭ കൗൺസിലിന്റെ 14/01/2022 ലെ 26-ാം നമ്പർ കൗൺസിൽ തീരുമാനം.
4. 24/02/2021 ലെ സർക്കാരിന്റെ ആർ.ഡി.2/119/2020/തസ്വഭവ നമ്പർ കത്ത്.
5. ആലുവ നഗരസഭ സെക്രട്ടറിയുടെ 01/10/2021 തീയതിയിലെ ഇ2/1458/10 നമ്പർ കത്ത്.
6. മുഖ്യനഗരാസൂത്രകന്റെ 26/11/2021 ലെ ടിസിപിസിടിപി/588/2021-എഫ്2 നമ്പർ കത്ത്.

ഉത്തരവ്

ആലുവ നഗരത്തിന്റെ മാസ്റ്റർ പ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(4) പ്രകാരം മാസ്റ്റർ പ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയും മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച വിവരവും ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസും 31/01/2017 ലെ 5-ാം നമ്പരായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

(2) പ്രസിദ്ധീകൃത മാസ്റ്റർപ്ലാനിന്മേൽ സമയപരിധിക്കുള്ളിൽ ലഭിച്ച പരാതികൾ പരിഗണിച്ച് പരിഷ്കരിച്ച കരട് മാസ്റ്റർ പ്ലാൻ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) പ്രകാരമുള്ള അന്തിമ അംഗീകാരത്തിനായി പരാമർശം (2) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം നഗരസഭ സെക്രട്ടറി സമർപ്പിച്ചിരുന്നു.

(3) നഗരസഭ സമർപ്പിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ റിപ്പോർട്ടും അനുബന്ധ രേഖകളും

പരിശോധിച്ചതിൽ പരാമർശം (4) പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിനു അനുസൃതമായി സമയ പരിധിക്കുള്ളിൽ ലഭിച്ച ആക്ഷേപനിർദ്ദേശങ്ങൾ മാത്രം പരിഗണിച്ചാണ് മാസ്റ്റർ പ്ലാൻ പരിഷ്കരിച്ചിട്ടുള്ളതെന്നും ആലുവ കടുങ്ങല്ലൂർ റോഡിന്റെ വീതി 12 മീറ്റർ ആയി വിഭാവനം ചെയ്യുന്നു എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ആലുവ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് 36(8), 38 എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അംഗീകാരം നൽകാവുന്നതാണെന്നും പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു. തുടർന്ന് ആലുവ കടുങ്ങല്ലൂർ റോഡിന്റെ വീതി 12 മീറ്റർ ആയി നിജപ്പെടുത്തുന്നതിന് പരാമർശം (3) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനമെടുത്തിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലുവ നഗരസഭയുടെ കൗൺസിൽ തീരുമാനവും മുഖ്യനഗരാസൂത്രകന്റെ ശിപാർശയും പരിഗണിച്ച്, ആലുവ മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് 36(8), 38 എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, എറണാകുളം
3. സെക്രട്ടറി, ആലുവ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ